ഇന്നത്തെ ശാന്തമായ അവസ്ഥ നശിപ്പിക്കാൻ മാത്രമേ പുതിയ രീതി ഉപകരിക്കുകയുള്ളൂ. മാറ്റങ്ങൾ നല്ലതിലേക്കാവണമല്ലോ. ഭംഗിയായി പോകുന്നവ നശിപ്പിക്കുന്ന രീതിയിലേക്കാവരുത്. കേരളത്തിലെ കുറേ തൊഴിലാളികളേയും കുറേ ജീവനക്കാരേയും മാത്രം ബാധിക്കുന്ന പ്രശ്നമല്ല ഇത്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന പ്രശ്നമാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ പുതുതായി ഡിപ്പോകളൊന്നും വാടകയ്ക്കെടുത്തിട്ടില്ല. ഉള്ള ഡിപ്പോകൾ തന്നെ നിർത്തൽ ചെയ്യുകയാണ്.

(സി-ഡി) ഇല്ല.

(ഇ) പെറ്റീഷ്യൻസ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിന്റെയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും കാര്യക്ഷമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്ന് കണ്ടതുകൊണ്ട് അവ നടപ്പാക്കേണ്ടതില്ലെന്ന് തിരുമാനമെടുക്കുകയും അക്കാര്യം കമ്മിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

റേഷൻ കടകൾ വഴിയുള്ള പലവ്യഞ്ജന വിതരണം

46 (2494) ശ്രീ. എം. എ. വാഹിദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻകടകൾവഴി വിവിധയിനം പലവ്യഞ്ജനങ്ങൾ കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുന്ന സംവിധാനം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സംവിധാനത്തിന്റെ ചുമതല ആരെയാണ് ഏല്പിച്ചിട്ടുള്ളത് ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ഇത്തരത്തിൽ പലവ്യജ്ഞനങ്ങൾ എത്ര റേഷൻകടകൾ വഴി നൽകി വരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരഞ്ഞെടുക്കപ്പെട്ട റേഷൻകടകൾ വഴി പലവ്യഞ്ജനങ്ങൾ കുറഞ്ഞ വിലക്ക് വിതരണം ചെയ്യുന്ന സംവിധാനം നിലവിലുണ്ട്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റും ചേർന്നാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കി വരുന്നത്.

(സി) 2179 റേഷൻ കടകൾവഴി.

മാവേലിസ്റ്റോറുകളിലെ വിലനിലവാരവും വരുമാനവും

47 (2495) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാവേലിസ്റ്റോറുകൾ മുഖേന എന്തൊക്കെ നിത്യോപയോഗ സാധനങ്ങളാണ് വില്പന നടത്തി വരുന്നതെന്നും അവയുടെ ചില്ലറ വില്പന വില എത്രയാണെന്നും അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly